II ഇ.ബി. XIV - കേരള നിയമസഭ/XVIII-1

## പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2020 ഫെബ്രുവരി 03, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു.)

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ പൗരത്വ നിയമവുമായി ബന്ധപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ നൽകിയ ചോദ്യങ്ങളിൽ മൂന്നെണ്ണം നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളിൽ ഉൾപ്പെടുത്തുകയും സമാനസ്വഭാവമുള്ള രണ്ട് ചോദ്യങ്ങൾ തള്ളിക്കളയുകയും ചെയ്തത് സംബന്ധിച്ച് പ്രതിപക്ഷനേതാവ് സഭയിൽ ഉന്നയിക്കുകയും ബഹു. സ്പീക്കർ അക്കാര്യം പരിശോധിക്കാമെന്ന് മറുപടി പറയുകയും ചെയ്തു.)

1(*1) ജില്ലാ ആശുപത്രികളെ സ്വകാര്യവൽക്കരിക്കാനുള്ള നീതി ആയോഗിന്റെ നിർദ്ദേശം

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും

വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) നൽകിയ മറുപടിയിൽ, ആരോഗ്യമേഖലയെ ശക്തിപ്പെടുത്തി മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള കർമ്മ പദ്ധതികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നതെന്നും ജില്ലാ ആശുപത്രികളെ സ്വകാര്യവൽക്കരിക്കാനുള്ള നീതി ആയോഗിന്റെ നിർദ്ദേശം നടപ്പാക്കാനുദ്ദേശിക്കുന്നില്ലെന്നും സഭയെ അറിയിച്ചു. നാഷണൽ മെഡിക്കൽ കമ്മീഷൻ ബില്ലിലെ ചില വ്യവസ്ഥകൾ സംസ്ഥാനത്തിന്റെ ആരോഗ്യ സംവിധാനത്തെ ദുർബലപ്പെടുത്തുന്നതായതിനാൽ ഇതുസംബന്ധിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പൊതുജനാരോഗ്യ രംഗം ശക്തിപ്പെടുത്തുന്നതിനും ആധുനികവൽക്കരിക്കുന്നതിനുംവേണ്ടി ആവിഷ്കരിച്ചിട്ടുള്ള 'ആർദ്രം' പദ്ധതിയുടെ ഭാഗമായി സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും നൂതന ആരോഗ്യ പരിപാടികൾക്ക് രൂപം നൽകുന്നതിനും ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം ഡോക്ടർമാരടക്കമുള്ള അധിക ജീവനക്കാരെ നിയമിച്ച് ആരോഗ്യ സേവനങ്ങൾ വിപുലപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതുവഴി മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും

ജില്ലാ/ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനം ഏർപ്പെടുത്തുന്നതിനും താലൂക്ക് ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടുകൂടിയ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു. മെഡിക്കൽ കോളേജുകളിൽ മാത്രം ലഭ്യമായിരുന്ന സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ജില്ലാ ആശുപത്രികളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കാത്ത് ലാബ് സൗകര്യങ്ങൾ ജില്ലാ/ജനറൽ ആശുപത്രികളിൽ ആരംഭിച്ചിട്ടുണ്ട്. താലൂക്ക് ആശുപത്രികളിൽ കൂടുതൽ ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്കുകയും മെഡിക്കൽ കോളേജുകളിലെ കാൻസർ ചികിത്സാ സൗകര്യങ്ങൾ വിപുലമാക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. കണ്ണൂർ പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുകയും കോന്നി, കാസർഗോഡ്, വയനാട് എന്നീ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. വിവിധ ഫണ്ടുകൾ ഉപയോഗിച്ച് മാസ്റ്റർപ്ലാൻ തയ്യാറാക്കി അടിസ്ഥാനസൗകര്യ വികസന പ്രവൃത്തികൾ മെഡിക്കൽ കോളേജുകളിലും കാൻസർ ചികിത്സാ കേന്ദ്രങ്ങളിലും നടത്തിവരുന്നു.

കൂടാതെ മാതൃ-ശിശു മരണ നിരക്ക് കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിൽ മെറ്റേണിറ്റി യൂണിറ്റുകൾ ശക്തിപ്പെടുത്തുകയും ആരോഗ്യ വകുപ്പിൽ 5127 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ജീവിതശൈലി രോഗനിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലാതല ആശുപത്രികളിൽ സ്ട്രോക്ക് യൂണിറ്റുകൾ, കാൻസർ കെയർ യൂണിറ്റുകൾ എന്നിവ ആരംഭിച്ചിട്ടുണ്ടെന്നും മെഡിക്കൽ കോളേജുകളുൾപ്പെടെയുള്ള ആശുപത്രികളിൽ ഒ.പി. വിഭാഗം രോഗി സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും 'ഇ-ഹെൽത്ത്' പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ടെന്നും സമഗ്ര ട്രോമാ കെയർ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ മെഡിക്കൽ കോളേജ്/ജനറൽ/ജില്ലാ/താലൂക്ക് ആശുപത്രികളിലെ അത്യാഹിത വിഭാഗം ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചുവരികയാണെന്നും മന്ത്രി അറിയിച്ചു. വാഹനാപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തര ചികിത്സ ലഭ്യമാക്കുന്നതിനായി 'കനിവ്-108' എന്ന സൗജന്യ ആംബുലൻസ് ശൃംഖല പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 'ആരോഗ്യ ജാഗ്രത' എന്ന കാമ്പയിൻ ഓരോ വർഷവും നടപ്പിലാക്കിവരുന്നുണ്ടെന്നും മന്ത്രി

വ്യക്തമാക്കി. അനധികൃതമായി മരുന്നുവിതരണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണെന്നും കൊറോണ വൈറസ് ബാധയ്ക്കെതിരെ പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും പാരിസ്ഥിതിക പഠന റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് വയനാട് മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും ഹീമോഫീലിയ രോഗികൾക്ക് നൽകുന്ന ചികിത്സാ സഹായം കൂടുതൽ ആശുപത്രികളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം ആലോചിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

2 (*2) നിക്ഷേപക സംഗമങ്ങൾ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, രാജ്യത്ത് മുൻപന്തിയിൽ നിൽക്കുന്ന അഞ്ച് വ്യവസായ സൗഹൃദ സംസ്ഥാനങ്ങളിലൊന്നായി കേരളത്തെ മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി വ്യവസായ നിക്ഷേപം നേടാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും വേണ്ടിയാണ് നിക്ഷേപ സംഗമങ്ങൾ നടത്തിയതെന്നും ഇതിന്റെ ഭാഗമായി ദുബായിൽ സംഘടിപ്പിച്ച 'എൻ.ആർ.ഐ.' എമർജിംഗ് എന്റർപ്രെണേഴ്സ് മീറ്റിലൂടെ പതിനായിരം കോടി രൂപയുടെ വാഗ്ദാനവും കൊച്ചിയിൽ നടത്തിയ 'അസെൻഡ് 2020' ആഗോള നിക്ഷേപ സംഗമത്തിലൂടെ ഒരു ലക്ഷം കോടി

രൂപയുടെ നിക്ഷേപ വാഗ്ദാനവും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഇതിൽ 32 എണ്ണം ധാരണാപത്രങ്ങളും 117 എണ്ണം താൽപ്പര്യപത്രങ്ങളുമാണ്. കൂടാതെ കേരളാ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡ്, അബുദാബി ഇൻവെസ്റ്റ്മെന്റ് അതോറിറ്റി എന്നിവയും നിക്ഷേപ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് പ്രൊപ്പോസലുകൾ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരികയാണ്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ജപ്പാൻ, കൊറിയ, യു.എ.ഇ. എന്നിവിടങ്ങളിൽ നടത്തിയ സന്ദർശനത്തെത്തുടർന്ന് സാങ്കേതികവിദ്യ, സാങ്കേതിക പങ്കാളിത്തം എന്നിവയുടെ സാധ്യതയും സഹകരണവും ചർച്ച ചെയ്യുകയും ജപ്പാനുമായുള്ള വികസന സഹകരണത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് 105 കോടി രൂപ മുതൽമുടക്കിൽ M/s. Terumo Penpol Pvt. Ltd. ബ്ലഡ് ബാഗ് നിർമ്മാണം ആരംഭിക്കാനും M/s. Nitta Gelatin INC-യുടെ വികസനത്തിനായി 200 കോടി രൂപ മുതൽമുടക്കാനും സന്നദ്ധത പ്രകടിപ്പിച്ചതിനു പുറമെ Rejuvenation clinics (Ayurveda), IT, MSME എന്നീ മേഖലകളിലും നിക്ഷേപത്തിന് തയ്യാറായിട്ടുണ്ട്. ചേർത്തലയിലുള്ള KSIDC മെഗാഫുഡ് പാർക്കിൽ seafood/marine products കൊറിയയിലേയ്ക്ക് കയറ്റുമതി

ചെയ്യാനുള്ള ചർച്ച നടത്തുകയും തുടർനടപടികൾ ചീഫ് സെക്രട്ടറി തലത്തിൽ നടന്നുവരികയുമാണ്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള സെമി ഹൈസ്പീഡ് റെയിൽ പാതയ്ക്കായുള്ള സാധ്യതാ പഠന റിപ്പോർട്ട് പ്രകാരം നിലവിലുള്ള പാതയ്ക്ക് സമാന്തരമായി പുതിയ രണ്ട് പാതകൾകൂടി വിഭാവനം ചെയ്തിട്ടുണ്ട്. റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭ്യമായശേഷം വാല്യു ക്യാപ്ച്ചറിംഗ്, ധനസമാഹരണം മുതലായവ ആരംഭിക്കുന്നതാണെന്ന വ്യവസ്ഥയിൽ "സിസ്ട്ര" സമർപ്പിച്ച സാധ്യതാ പഠന റിപ്പോർട്ടും അലൈൻമെന്റും സംസ്ഥാനം അംഗീകരിക്കുകയും പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ സോയിൽ സർവ്വേ, ലിഡാർ ഏരിയൽ സർവ്വേ, ട്രാഫിക് സർവേ, EIA പഠനം എന്നിവ പൂർത്തിയാക്കുകയും മൂലധന സമാഹരണവുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തിവരികയുമാണ്. ശബരിമല തീർത്ഥാടകർക്കായി ഗ്രീൻഫീൽഡ് എയർപോർട്ട് ആരംഭിക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണെന്നും നിർദ്ദിഷ്ട വിമാനത്താവളത്തിന്റെ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണെന്നും മുഖ്യമന്ത്രി അറിയിച്ചു. വ്യോമഗതാഗതത്തിന്റെ സമഗ്രവികസനത്തിനായി 8 മുതൽ 10 സീറ്റുള്ള ഒറ്റ എഞ്ചിൻ വിമാനങ്ങൾ

(Airvan) ഉപയോഗിച്ച് കേരളത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ചെറു വിമാന സർവ്വീസുകളും കൊല്ലം, ആശ്രാമം മൈതാനം, മൂന്നാർ, തേക്കടി, കൽപ്പറ്റ, ബേക്കൽ, ഗുരുവായൂർ, പാലക്കാട്, ആലപ്പുഴ ബീച്ച്, വർക്കല, കുമരകം എന്നീ സ്ഥലങ്ങളിൽ എയർ സ്ട്രിപ്പ്/ഹെലിപോർട്ടും ആരംഭിക്കാൻ ലക്ഷ്യമിടുന്നുണ്ടെന്നും ആദ്യ പടിയായി ബേക്കൽ, വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ടി സ്ഥലങ്ങളിൽ എയർ സ്ട്രിപ്പ് സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠന റിപ്പോർട്ട് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്നും അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ ഫീഡർ പോസ്റ്റുകളായി പ്രവർത്തിക്കുന്നതിന് എയർ സ്ട്രിപ്പുകളെ റീജിയണൽ കണക്ടിവിറ്റി സ്കീം-ഉഡാനിൽ ഉൾപ്പെടുത്താൻ വ്യോമയാന മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ദേശീയ പാത-66 നാല്/ആറ് വരി പാതയായി വികസിപ്പിക്കുന്നതിനുള്ള സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായ പ്രദേശങ്ങളിൽ നിർമ്മാണ പ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടികൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ സ്വീകരിക്കുന്നുണ്ട്. തീരദേശ ഹൈവേ നിർമ്മാണത്തിനായി 6500 കോടി രൂപയുടെ ഭരണാനുമതി

കിഫ്ബി മുഖാന്തരം ലഭ്യമായിട്ടുണ്ടെന്നും സംസ്ഥാന പാതകളും പ്രധാന ജില്ലാ റോഡുകളും ഉൾപ്പെടുന്ന റോഡ് ശൃംഖല ഘട്ടംഘട്ടമായി ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു. മാലിന്യ സംസ്കരണത്തിനായി ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയുള്ള പ്ലാന്റുകൾ സ്ഥാപിക്കാനും ഇതുസംബന്ധിച്ച ബോധവൽക്കരണം നടത്താനും നടപടി സ്വീകരിച്ചുവരികയാണെന്നും നാടിന്റെ വികസനത്തിനായി ധനസഹായം ലഭ്യമാക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതാണെന്നും സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളിൽ കാലാനുസൃതമായി ആധുനിക കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

3 (*3 & *21) <u>പൗരത്വ നിയമ പ്രതിഷേധക്കാർക്കെതിരെയുള്ള കേസ്</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് പൗരത്വ നിയമ ഭേദഗതിക്കെതിരെ നിയമാനുസരണം പ്രതിഷേധിച്ച ആരുടെയും പേരിൽ കേസ് രജിസ്റ്റർ ചെയ്യുകയോ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ലെന്ന് സഭയെ അറിയിച്ചു. പൗരത്വ നിയമത്തിനെതിരെയുള്ള ജനകീയ പ്രക്ഷോഭം കൂടുതൽ ശക്തിപ്പെടുത്താനാണ് സർക്കാർ ആഗ്രഹിക്കുന്നതെന്നും

പ്രക്ഷോഭത്തിന്റെ മറവിൽ അക്രമപ്രവർത്തനം നടത്തുന്നവർക്കും പൊതുമുതൽ നശിപ്പിക്കുന്നവർക്കുമെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും മതസ്പർദ്ധ വളർത്തുന്നതും ജനങ്ങളെ ഭിന്നിപ്പിക്കുന്നതുമായ പ്രവർത്തനങ്ങളിലേർപ്പെടുന്നവരെ നിയമത്തിന് മുന്നിലെത്തിക്കുകയെന്നത് സർക്കാരിന്റെ കടമയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1 മുതൽ 360 വരെയുള്ള ചോദ്യങ്ങളിൽ 54 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)